2
ശനി
2017 ഡിസംബർ
1193 വൃശ്ചികം 17

# മക്തബ്

www.makthabdaily.com




തളിപ്പറമ്പ | പുസ്തകം 11 ലക്കം 41 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2015-17 Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ



പറശിനി ഉത്സവത്തിന് തുടക്കം കുറിച്ച് മാടമന ഇല്ലത്ത് വലിയ തമ്പ്രാക്കൾ കൊടിയുയർത്തുന്നു.

### മരവിപ്പിച്ച ഉത്തരവിന് പുനർജീവൻ

# തളിപ്പറമ്പടക്കം 196 പോലീസ്സ്റ്റേഷനുകളുടെ ചുമതല ഡിസംബർ 10 മുതൽ സി.ഐമാർക്ക്

തളിപ്പറമ്പ: ഈമാസം പത്താം തീയതി മുതൽ സംസ്ഥാനത്തെ 196 പോലീസ് സ്റ്റേഷനുകളുടെ ചുമതല സി.ഐമാർക്ക് കൈമാറും. സ്റ്റേഷൻ ഹൗസ് ഓഫീസറുടെ ചുമതല സി.ഐക്കായിരിക്കും. സി.ഐയുടെ കീഴിൽ രണ്ട് എസ്.ഐമാർ ഉണ്ടാകും. ഒരാൾക്ക് ക്രമസമാധാനവും മറ്റൊരാൾക്ക് കുറ്റാന്വേഷണ ചുമതലയും ആയിരിക്കും ഉണ്ടാവുക. ഒക്ടോബർ 19ന് ചേർന്ന മന്ത്രിസഭയാണ് തീരുമാനം കൈക്കൊണ്ടത്. ചില സാങ്കേതിക കാരണങ്ങളാൽ തീരുമാനം നടപ്പിലാക്കാൻ വൈകുകയായിരുന്നു. മനുഷ്യാവകാശ ദിനമായ പത്തിന് തീരുമാനം കർശനമായി നടപ്പിലാക്കണമെന്ന് കാണിച്ച് ഡി.ജി.പി ലോക്നാഥ് ബെഹ്റ എല്ലാ ജില്ലാ പോലീസ് ചീഫുമാർക്കും കഴിഞ്ഞ ദിവസം അറിയിപ്പ് നൽകിയിരുന്നു.

സംസ്ഥാനത്ത് 519 പോലീസ് സ്റ്റേഷനുകളാണ് ഉള്ളത്. 11 സ്റ്റേഷനുകളുടെ ചുമതല നിലവിൽ സി.ഐമാരാണ് നിർവഹിക്കുന്നത്. പത്തിന് 196 സ്റ്റേഷനുകളിൽ കൂടി ഉത്തരവ് നടപ്പാക്കി കഴിഞ്ഞാൽ ഒരു വർഷത്തിനകം മറ്റ് സ്റ്റേഷനുകളിലും പരിഷ്ക്കാരം നടപ്പാക്കാനാണ് സർക്കാർ ആലോചിക്കുന്നത്.

നിലവിലുള്ള സി.ഐ ഓഫീസ് അടച്ചുപൂട്ടിയാണ് ഉത്തരവ് നടപ്പിലാക്കുക. ഇതുസംബന്ധിച്ച് ഒട്ടേറെ അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. സി.ഐ ഓഫീസിൽ വർക്ക് എറേഞ്ച്മെന്റിന്റെ ഭാഗമായി വന്ന പോലീസുകാരെ അവരുടെ സ്വന്തം സ്റ്റേഷനുകളിലേക്ക് മടക്കാം. എന്നാൽ ഉത്തരവ് പ്രകാരം ജോലി ചെയ്യുന്നവരെ പുനർ നിയമിക്കേണ്ടിവരും. നിലവിൽ നിരവധി കേസുകളടക്കം സി.ഐയാണ് അന്വേഷിക്കുന്നത്. ഇതുസംബന്ധിച്ച ഫയലുകൾ എന്ത് ചെയ്യണമെന്ന കാര്യത്തിൽ ഉത്തരവ് ഇറങ്ങേണ്ടിവരും. മാത്രമല്ല സി.ഐക്ക് കീഴിലുള്ള മറ്റ് സ്റ്റേഷനുകളിലെ കേസ് അന്വേഷണം ആരാണ് നടത്തുക എന്ന കാര്യത്തിൽ സംശയം ബാക്കിയാണ്. സി.ഐ ഓഫീസിലെ പ്രോപർട്ടികൾ എന്തു ചെയ്യണമെന്നും നിലവിൽ ഇറങ്ങിയ ഉത്തരവിലില്ല. വേണ്ടത്ര മുൻകരുതൽ ഇല്ലാതെ ഉത്തരവ് ഇറക്കിയതാണ് പരിഷ്ക്കാരം നടപ്പിലാകാതിരിക്കാൻ കാരണം. ഇപ്പോഴും പല കാര്യത്തിലും അവ്യക്തത നിലനിൽക്കുകയാണ്.

## സി.ഐമാർ പലരും അവധിയിൽ പോകും

കണ്ണൂർ: പത്ത് വർഷത്തിലധികമായി ക്രമസമാധാന ചുമതലയുള്ള സി.ഐമാരായി ജോലി ചെയ്യുന്നവർ പുതിയ ഉത്തരവോടെ ഫലത്തിൽ എസ്.ഐമാരുടെ ജോലി ചെയ്യേണ്ട അവസ്ഥയാണ് വരുന്നത്. ഇത് ഒഴിവാക്കാൻ സീനിയർ സി.ഐമാരിൽ പലരും മെഡിക്കൽ ലീവിൽ പ്രവേശിക്കാൻ ആലോചിക്കുകയാണ്. മറ്റ് ചിലർ സ്പെഷൽ യൂനിറ്റിലേക്ക് സ്ഥലമാറ്റത്തിന് ശ്രമിക്കുകയാണ്. 25ലധികം സി.ഐമാർ ഡി.വൈ.എസ്.പിമാരായി ഉദ്യോഗക്കയറ്റം ലഭിക്കേണ്ടവരാണ്. നിരവധി ഒഴിവുകൾ സംസ്ഥാന പോലീസിൽ ഉണ്ടെങ്കിലും ആഭ്യന്തര വകുപ്പിന്റെ അനങ്ങാപ്പാറ നയം മൂലം പ്രമോഷൻ വൈകുകയാണ്. ഇതും പോലീസിൽ അമർഷത്തിന് ഇടയാക്കിയിട്ടുണ്ട്.

## ഭക്തിയുടെ നിറവിൽ പറശിനി ഉത്സവത്തിന് കൊടിയേറി

പറശിനിക്കടവ്: ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ മാടമന ഇല്ലത്ത് വലിയ തമ്പ്രാക്കൾ നാരായണൻ നമ്പൂതിരി കൊടി ഉയർത്തിയതോടെ ഈ വർഷത്തെ പറശിനി മടപ്പുര തിരുവപ്പന മഹോത്സവത്തിന് തുടക്കമായി. കരിമരുന്ന് പ്രയോഗമില്ലാത്ത രണ്ടാമത്തെ ഉത്സവമാണിത്. കഴിഞ്ഞ വർഷവും വെടിക്കെട്ട് ഒഴിവാക്കിയിരുന്നു. ഉച്ചയോടെ മടപ്പുരയിലെ മുതിർന്ന സ്ത്രീ മഹോത്സവത്തിന്റെ പൂജാദ്രവ്യങ്ങൾ വ്രതശുദ്ധിയോടെ പ്രത്യേക സ്ഥാനത്ത് സമർപ്പിച്ചു. നാളെ രാവിലെയാണ് മഹോത്സവത്തിന്റെ ആദ്യ തിരുവപ്പനയുടെ പുറപ്പാട്. 3, 4, 5 തീയതികളിൽ വൈകുന്നേരം വെള്ളാട്ടവും 4, 5 തീയതികളിൽ രാവിലെ തിരുവപ്പനയും ഉണ്ടാകും. 6ന് രാവിലെ നടക്കുന്ന കൊടിയിറക്കത്തോടെ മഹോത്സവ ചടങ്ങുകൾ സമാപിക്കും.

## ഹോട്ടൽ തൊഴിലാളിയുടെ കൊലപാതകം; കുറ്റപത്രം തിങ്കളാഴ്ച സമർപ്പിക്കും

പയ്യന്നൂർ: ടൗണിലെ ഹോട്ടൽ തൊഴിലാളിയായിരുന്ന മാതമംഗലം കോയിപ്രയിലെ കെ.സി.ശ്രീധര(54)നെ കവർച്ചക്കിടെ തലക്കടിച്ച് കൊലപ്പെടുത്തിയ കേസിൽ തിങ്കളാഴ്ച കുറ്റപത്രം സമർപ്പക്കും. പയ്യന്നൂർ റെയിൽവേ സ്റ്റേഷന് സമീപം മൂന്നാം നമ്പർ ട്രാക്കിൽ തള്ളിയിട്ടാണ് കൊന്നത്. തീവണ്ടി തട്ടിമരിച്ചുവെന്ന നിലയിൽ കണ്ടെത്തിയ മൃതദേഹം പരിയാരം മെഡിക്കൽ കോളേജിലെ ഫോറൻസിക് സർജൻ ഗോപാലകൃഷ്ണ പിള്ളയുടെ പരിശോധനയിലാണ് കൊലപാതകത്തിലേക്ക് വിരൽചൂണ്ടിയത്. സി.ഐ എം.പി. ആസാദിന്റെ നേതൃതത്തിലായിരന്നു കേസന്വേഷണം.നിരവധി കവർച്ച കേസുകളിലെ പ്രതിയായ കക്കംപാറയിലെ നടവളപ്പിൽ ചന്ദ്ര (44)നെ പയ്യന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തിക്കുകയും തൊണ്ടിമുതലുകൾ കണ്ടെടുക്കുകയും ചെയ്തിരുന്നു.

### എസ്.ഐയുടെ മുഖത്തിടിച്ച പ്രതിക്ക് തടവും പിഴയും

കണ്ണൂർ: ട്രാഫിക് എസ്.ഐയുടെ മുഖത്ത് കല്ലുകൊണ്ടിടിച്ച് പരിക്കേൽപ്പിച്ച കേസിൽ സിറ്റി അഞ്ചുകണ്ടി നബീസാസിൽ അഷ്റഫ് (49)നെ ആറ് മാസം തടവിനും മൂവായിരം രൂപ പിഴയടക്കാനും ജുഡി. ഒന്നാം ക്ലാസ് മജിസ്ട്രേട്ട് (ഒന്ന്) എം.സി. ആന്റണി ശിക്ഷിച്ചു.

## ആയിക്കരയിലും കനത്ത കാറ്റ്; സ്ട്രീറ്റ് ലൈറ്റ് തകർന്ന് മത്സ്യത്തൊഴിലാളി മരിച്ചു

കണ്ണൂർ: കനത്ത കാറ്റിൽ ആയിക്കര ഹാർബറിൽ തെരുവുവിളക്ക് തലയിൽ വീണ് മത്സ്യത്തൊഴിലാളി മരിച്ചു. തയ്യിൽ കാർത്തിക് നിവാസിൽ പവിത്രൻ (55) ആണ് ഇന്ന് ഉച്ചയോടെ മരണമടഞ്ഞത്. ഹാർബർ കെട്ടിടത്തിന്റെ അരികത്തിരുന്ന് മത്സ്യബന്ധന വല നെയ്യുന്നതിനിടെ വീശിയടിച്ച കാറ്റിൽ ഹാർബറിന്റെ തെരുവുവിളക്ക് പവിത്രന്റെ തലയിൽ പതിക്കുകയായിരുന്നു.

## കണ്ണൂരിലെ മത്സ്യബന്ധന ബോട്ട് തലശേരിയിൽ ഒഴുകിയെത്തി

തലശേരി: കണ്ണൂരിൽ കടൽക്ഷോഭത്തിൽപെട്ട മത്സ്യബന്ധന ബോട്ട് തലശേരിയിൽ ഒഴുകിയെത്തി. തൊഴിലാളികൾ സുരക്ഷിതരാണ്. ബോട്ടിൽ തലയടിച്ചുവീണ ഒരാൾക്ക് പരിക്കേറ്റിട്ടുണ്ട്. ബീഹാർ സ്വദേശി ധ്യാനേശ്വർ പ്രസാദി(33)നാണ് പരിക്ക്. ഇയാളെയും ബോട്ടിലെ സഹപ്രവർത്തകരായ രാം ബച്ചൻ (50), സമിൻ (30), സുരേഷ് (32) എന്നിവരെ വിവരമറിഞ്ഞെത്തിയ തീരദേശ പോലീസ് സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ തലശേരി ജനറൽ ആശുപത്രിയിലെത്തിച്ചു.

## വീട്ടിൽ ഒളിപ്പിച്ച വാളുകൾ പിടിച്ചെടുത്തു; എസ്.ഡി.പി.ഐ പ്രവർത്തകൻ അറസ്റ്റിൽ

കൂത്തുപറമ്പ: നീർവേലിയിൽ എസ്.ഡി.പി.ഐ പ്രവർത്തകന്റെ വീട്ടിൽ ഒളിപ്പിച്ച മൂന്ന് വാളുകൾ പോലീസ് പിടിച്ചെടുത്തു. പുളിയാച്ചേരി അസ്കറി(21)ന്റെ വീട്ടിൽ നിന്നാണ് ഇന്നലെ രാത്രി എസ്.ഐ കെ.വി.നിഷിത്ത് ആയുധങ്ങൾ പിടികൂടിയത്. വീടിന്റെ മുകൾ നിലയിൽ സൺഷേഡിനോട് ചേർന്ന് ഒളിപ്പിച്ച നിലയിലായിരുന്നു. ഒരു വടിവാളും രണ്ട് കൊടുവാളുമാണ് പിടിച്ചെടുത്തത്. പോലീസ് അസ്കറിനെ അറസ്റ്റ് ചെയ്തു.

# ഓഖി: മരിച്ചവരുടെ ആശ്രിതർക്ക് 10 ലക്ഷം

തിരുവനന്തപുരം: 'ഓഖി' ചുഴലിക്കൊടുങ്കാറ്റിൽ മരിച്ചവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപ വീതം സംസ്ഥാന സർക്കാർ ധനസഹായം പ്രഖ്യാപിച്ചു. മൽസ്യതൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ മൽസ്യബന്ധന വകുപ്പ് നൽകുന്ന സഹായത്തിന് പുറമേയാണിതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. പരിക്കേറ്റവർക്ക് 15,000രൂപ വീതം ചികിത്സാ സഹായവും പ്രഖ്യാപിച്ചിട്ടുണ്ട്. ഇവർക്ക് മൽസ്യതൊഴിലാളി ക്ഷേമബോർഡ് നൽകുന്ന സഹായം വേറെയുമുണ്ടാകും. ബോട്ടും ഉപകരണങ്ങളും നഷ്ടപ്പെട്ടവർക്കും ന്യായമായ നഷ്ടപരിഹാരം നൽകും. മൽസ്യ ബന്ധന വകുപ്പ് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകും നഷ്ടപരിഹാരം നിർണ്ണയിക്കുക. തീരദേശ മൽസ്യത്തൊഴിലാളികൾക്ക് ഇന്നലെ മുതൽ ഒരാഴ്ചത്തെ സൗജന്യ റേഷൻ നൽകും. 30 ദുരിതാശ്വാസ ക്യാമ്പുകളിലായി 529 കുടുംബങ്ങളെ സർക്കാർ മാറ്റി പാർപ്പിച്ചിട്ടുണ്ട്. ഇവർക്ക് സൗജന്യ ഭക്ഷണം ഉൾപ്പെടെ നൽകുന്നുണ്ട്. ഇതുവരെ കടലിൽ അകപ്പെട്ട 400 പേരെ രക്ഷപ്പെടുത്തി കരക്കെത്തിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

മണിക്കൂറിൽ 125 കിലോമീറ്റർ വേഗതയിൽ ആഞ്ഞടിച്ച 'ഓഖി' ചുഴലികൊടുങ്കാറ്റ് തെക്കൻ കേരളത്തിൽ വിതച്ചത് കോടികളുടെ നാശനഷ്ടം. ഏറ്റവുമധികം നാശം വിതച്ചത് ഇടുക്കിയിൽ. നാല് കോടിയിൽപരം രൂപയുടെ നാശനഷ്ടമാണ് ഇടുക്കി ജില്ലയിൽ മാത്രം കണക്കാക്കിയത്. തിരുവനന്തപുരം ജില്ലയിൽ രണ്ടര കോടി രൂപയുടെ നഷ്ടവും കണക്കാക്കുന്നു. കൊല്ലം, എറണാകുളം, ആലപ്പുഴ, തൃശൂർ, മലപ്പുറം ജില്ലകളിലും വൻതോതിൽ നാശനഷ്ടമുണ്ടായി. വീടുകളും കെട്ടിടങ്ങളും ഉൾപ്പെടെ തകർന്നടിഞ്ഞതിന്റെ നഷ്ടം മാത്രമാണിത്. ജീവഹാനിയുടെ കണക്ക് ഇവയിൽ ഒന്നും പെടാത്തതാണ്.

കേരളതീരം വിട്ട് ലക്ഷദ്വീപ് മേഖലയിലെത്തിയ ഓഖി ഇന്ന് മണിക്കൂറിൽ 155 കി.മീ വേഗതയിലാണ് ദ്വീപ് മേഖലയെ ചുഴറ്റിയെറിഞ്ഞത്

## രക്ഷാപ്രവർത്തനത്തിൽ സർക്കാർ നിഷ്ക്രിയമെന്ന്; ഉറ്റവരെ തേടി മത്സ്യത്തൊഴിലാളികൾ ആഴക്കടലിലേക്ക്

തിരുവനന്തപുരം: ദുരന്തം വീശിയടിച്ച 'ഓഖി'യുടെ ആഘാതത്തിൽ സർവവും നഷ്ടമായ തീരദേശവാസികൾ അധികൃതരുടെ വിലക്ക് ലംഘിച്ച് ഉറ്റവരെ തേടി കടലിലിറങ്ങി. എഞ്ചിൻ ഘടിപ്പിച്ച ചെറുബോട്ടുകളിൽ കൊല്ലം, വിഴിഞ്ഞം കടപ്പുറത്തുള്ള മത്സ്യത്തൊഴിലാളികളാണ് കടലിൽ അകപ്പെട്ടവരെ തേടി പുറംകടലിലേക്ക് പുറപ്പെട്ടത്. രക്ഷാപ്രവർത്തനങ്ങളിൽ അധികൃതർ നിസംഗതപാലിക്കുന്നുവെന്നാരോപിച്ചാണ് ഇവർ സ്വയം തെരച്ചിൽ ആരംഭിച്ചത്. അതേസമയം വ്യോമ, നാവികസേനകളുടെ തെരച്ചിൽ പ്രക്രിയകൾ ഇന്നും സജീവമായി തുടരുന്നുണ്ട്. നീണ്ടുകര, വിഴിഞ്ഞം, കൊച്ചി തുറമുഖങ്ങളിൽ നിന്ന് കാണാതായിരുന്ന എട്ട് മത്സ്യത്തൊഴിലാളികളെ അധികൃതർ ഇന്ന് രക്ഷപ്പെടുത്തി കരക്കെത്തിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾ ആരും തന്നെ കടലിൽ ഇറങ്ങരുതെന്ന് ജില്ലാ കലക്ടർ കർശന നിർദേശം നൽകിയിരുന്നു. എന്നാൽ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ജീവനാണ് വലുതെന്നും ആരൊക്കെ എതിർത്താലും തങ്ങൾ അവരെ തേടിപ്പോകുമെന്നുമാണ് മത്സ്യത്തൊഴിലാളികൾ അറിയിച്ചത്. ഇതേ തുടർന്ന് നിർബന്ധമാണെങ്കിൽ വലിയ ബോട്ടുകൾ തിരച്ചിലിനായി മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കാമെന്ന് കലക്ടർ അറിയിച്ചു. എന്നാൽ പോകുന്ന ബോട്ടിന്റെ റജിസ്റ്റർ നമ്പർ കോസ്റ്റൽ പോലീസിനെ അറിയിക്കണം. രണ്ട് നോട്ടിക്കൽ മൈലിനപ്പുറത്തേക്ക് ഇത്തരം ബോട്ടുകൾ പോകരുതെന്നാണ് കലക്ടറുടെ നിഷ്കർഷ. ഇത് ലംഘിച്ചാണ് ചെറുബോട്ടിൽ മത്സ്യത്തൊഴിലാളികൾ ആഴക്കടൽ ലക്ഷ്യമാക്കി നീങ്ങിയത്.

### ജനതാദൾ – യു നേരിടുന്ന പ്രതിസന്ധി

എഡിറ്റോറിയൽ പേജ് 2

MIND RESETTING CENTRE
(HD-MRC)
LOURDE HOSPITAL
TALIPARAMBA
Jose A.J. (Psychologist)
Ph: 9400943718, 9061042264
0460 2301100, 0460 2271444(R)
PSYCHOLOGICAL COUNSELLING
1. കുട്ടികളുടെ പഠനവൈകല്യങ്ങൾ
2. ഭാര്യ-ഭർതൃ പ്രശ്നങ്ങൾ
3. ലൈംഗീക പ്രശ്നങ്ങൾ
4. ദുശ്ശീലങ്ങൾ, ആത്മഹത്യ പ്രവണത, ദേഷ്യം, സംശയം, ഭയം, സങ്കടം, രോഗചിന്ത, ഉറക്കക്കുറവ്, Depression,മരണഭയം, എന്നീ പ്രശ്നങ്ങൾ സൈക്കോ തെറാപ്പിയിലൂടെ പരിഹരിക്കുന്നതാണ്

## മാസാന്ത സ്വലാത്ത് മജ്ലിസ് നാളെ രയരോം മഖാമിൽ

ആലക്കോട്: ചരിത്ര പ്രസിദ്ധവും പുണ്യപുരാതനവും നിരവധി കറാമത്തുകളാൽ അനുഗ്രഹീതവുമായ രയരോം മഖാമിൽ നടന്നു വരുന്ന മാസാന്ത സ്വലാത്ത് മജ്ലിസും കൂട്ടുപ്രാർത്ഥനയും **നാളെ** (03-12-17-ഞായർ) **രാത്രി 7 മണിക്ക്** നടക്കും. **ഉസ്താദ് അലി ഫൈസി കൊണ്ടോട്ടി** നേതൃത്വം നൽകും. പങ്കെടുത്ത് പുണ്യം നേടുന്നതിന് ഏവരെയും രയരോം മഖാമിലേക്ക് ക്ഷണിക്കുന്നതായി ജുമാമസ്ജിദ് കമ്മിറ്റി അറിയിച്ചു.




